₹ 5/-

# റിയൽ ലൈഫ് വോയ്സ്

## R E A L  L I F E  V O I C E

Monthly

Volume 11
Issue 1

**July 2022**

pages 24

"...ബലഹീനതയാൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്നു; ഞങ്ങളും അവനിൽ ബലഹീനർ എങ്കിലും അവനോടുകൂടെ ദൈവശക്തിയാൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു. നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിക്കുവിൻ; നിങ്ങളെത്തന്നെ ശോധന ചെയ്യുവിൻ " **(2 കൊരിന്ത്യർ 13:4,5)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 11 Issue 1 July 2022 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 127**

## ഉള്ളടക്കം

പേജ്

- മതംമാറ്റം; മദമിളകേണ്ടതില്ല 3
- പ്രതികരണങ്ങൾ 6
- ദൈവത്തിന്റെ വിശ്വസ്തത (3) 8
- പുതിയനിയമത്തിലൂടെ....(31) 11
- സദുപയോഗവും.... (9) 14
- ഹബക്കൂക് (5) 17
- അവൾ ചാവേറായി മാറി... 19
- ഇമ്മാനുവിന്റെ സംശയങ്ങൾ (37) 22
- അപ്പനമ്മമാരെ നോക്കാത്തവർ 24

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# മതംമാറ്റം, മദമിളകേണ്ടതില്ല!

ക്രിസ്ത്യാനികൾ നടത്തുന്ന സുവിശേഷപ്രവർത്തനങ്ങളേയും സാമൂഹികസേവനങ്ങളേയും മതം മാറ്റുന്നതിനുള്ള തന്ത്രമെന്ന് വ്യാഖ്യാനിച്ച് അതിനെതിരെ ചില ഹൈന്ദവസംഘടനകൾ ശക്തമായി നിലകൊള്ളുന്ന രാജ്യമാണ് ഇൻഡ്യ. ആസ്ട്രേലിയൻ മിഷിനറിയായ ഗ്രഹാം സ്റ്റെയിൻസിനെ അദ്ദേഹത്തിന്റെ 6 ഉം 10 ഉം വയസ്സുള്ള ആൺമക്കളോടൊപ്പം ചുട്ടുകൊന്നു; നിരവധി സുവിശേഷകന്മാരെയും പാസ്റ്റർമാരെയും ഓടിച്ചിട്ടു തല്ലി, പോലീസിനെക്കൊണ്ട് അറസ്റ്റ് ചെയ്യിച്ചു, ജയിലിൽ അടച്ചു; എന്നിട്ടും തീരാത്ത കലിപ്പുമായി, തീവ്രവാദമുഖമുള്ള ചില സംഘടനകൾ തങ്ങളുടെ അഴിഞ്ഞാട്ടം തുടരുന്നതിന്റെ വാർത്തകളും വീഡിയോകളും നാം പല തവണ കണ്ടവരാണ്.

സുവിശേഷം പറയണമെന്നത് കർത്താവിന്റ കല്പനയാണ്. ഏതൊരു വിശ്വാസിയും അത് അനുസരിക്കാൻ ബാധ്യസ്ഥനാണ്. മതം മാറ്റലല്ല, സുവിശേഷത്തിന്റെ ലക്ഷ്യം. കർത്താവ് ക്രൂശിൽ വരുത്തിയ പാപപരിഹാരത്തിന്റെ സദ്‌വാർത്തയാണ് സുവിശേഷം. കർത്താവിനെ രക്ഷിതാവായി സ്വീകരിക്കാനുള്ള ആഹ്വാനമാണ് സുവിശേഷം. അങ്ങനെ കർത്താവിനെ ഒരുവൻ സ്വന്തം രക്ഷിതാവായി സ്വീകരിച്ചാൽ, അതുവരെ അവൻ വിളിച്ചപേക്ഷിച്ച വിഗ്രഹദൈവത്തെ അവൻ ഉപേക്ഷിക്കുകയും തുടർന്ന് അവൻ ക്രിസ്ത്യാനിയായി അറിയപ്പെടുകയും ചെയ്യും എന്നത് ശരിയാണ്.

അപ്പോൾ അവൻ മതം മാറിയില്ലേ? ന്യായമായ ചോദ്യം. മറുപടി പറയാം. അവൻ മതം മാറുന്നില്ല; നിലവിലുള്ള മതം ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള മതം മാറി അവൻ ക്രിസ്തുമതം സ്വീകരിക്കുന്നില്ല. അങ്ങനെ ക്രിസ്തുമതം എന്ന പുതിയ മതം സ്വീകരിച്ചാൽ മാത്രമേ അവൻ മതം മാറി എന്നു പറയാനൊക്കൂ. ക്രിസ്തുമതം സ്വീകരിക്കാനല്ല ബൈബിൾ പറയുന്നത്, ക്രിസ്തുവിനെ സ്വീകരിക്കാനാണ്. ഒരുവൻ ആരാധിച്ചുപോരുന്ന ദേവന്മാർ വെറും ഭാവനകൾ (സങ്കല്പങ്ങൾ) മാത്രമാണെന്നു തിരിച്ചറിയുമ്പോൾ അവയെ ഉപേക്ഷിക്കുന്നതിന് അവന് സ്വാതന്ത്ര്യമില്ലേ?

സത്യം തിരിച്ചറിയുമ്പോൾ തെറ്റു തിരുത്തുകയും സത്യം സ്വീകരിക്കുകയും ചെയ്യുന്നത് വിവേകമാണ്. ഇപ്രകാരം വിവേകം കാണിക്കുന്നവരെ തടയാനായിട്ടാണ് ചില തീവ്രവാദമനോഭാവമുള്ളവർ മതംമാറ്റനിരോധന ബിൽ പാസ്സാക്കാനും സുവിശേഷം അറിയിക്കുന്നവരെ തല്ലിയോടിക്കാനും മെനക്കിട്ട് നടക്കുന്നത്. പ്രാർത്ഥനായോഗങ്ങൾ നടക്കുന്ന ഹാളിലേക്ക് വടിയും കോലുമായി ചെന്ന് അവിടെയുള്ള ശുശ്രൂഷകനെ തല്ലി, ചോര ചൊരിയിച്ച്, അവിടെയുള്ള വിശ്വാസികളെ ഭീഷണിപ്പെടുത്തി, ജയ് ശ്രീറാം, ജയ് ഹനുമാൻ വിളികളുമായി ഗുണ്ടാസംഘങ്ങൾ വിളയാടുന്നതിന്റെ വീഡിയോകൾ നാം സമൂഹമാധ്യമങ്ങളിൽ എത്രയോ തവണ കണ്ടിരിക്കുന്നു! നെടുവീർപ്പിട്ടിരിക്കുന്നു!

ഇത്തരത്തിൽ മദമിളകി നടക്കുന്നവർക്ക് തിരിച്ചടിയെന്നോണം ഡൽഹി ഹൈക്കോടതി ഒരു വിധി പുറപ്പെടുവിച്ചത് 04-06-2022 ലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ആ വാർത്ത ഇപ്രകാരമാണ്:

**ബലപ്രയോഗത്തിലൂടെ അല്ലാത്ത മതമാറ്റം തെറ്റല്ല: ഡൽഹി ഹൈക്കോടതി**

മതംമാറ്റം നിയമം മൂലം നിരോധിച്ചിട്ടില്ല. ഏതു മതത്തിൽ വിശ്വസിക്കണമെന്നു തിരഞ്ഞെടുക്കാനുള്ള അവകാശം ഓരോരുത്തർക്കുമുണ്ട്. സമ്മർദ്ദം ചെലുത്തിയോ ബലപ്രയോഗത്തിലൂടെയോ മതം മാറ്റുകയാണെങ്കിൽ അതു മറ്റൊരു വിഷയമാണ്– കോടതി വ്യക്തമാക്കി.

ഒരാൾ സുവിശേഷം കേട്ട് കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുന്നതിനെ തടയേണ്ട കാര്യമില്ല. കാരണം അത് മനുഷ്യാവകാശമാണ് – ഇഷ്ടമുള്ളത് സ്വീകരിക്കാനുള്ള അവന്റെ അവകാശം. അടിച്ചേൽപ്പിക്കുമ്പോഴാണ് അത് തെറ്റാകുന്നത്. ക്രിസ്ത്യാനികൾ ആരുടെ മേലും സുവിശേഷം അടിച്ചേൽപ്പിക്കാറില്ല. വിഗ്രഹദൈവത്തെ ഉപേക്ഷിച്ച് ജീവനുള്ള ദൈവത്തെ സ്വീകരിക്കാൻ ആരെങ്കിലും തയ്യാറാകുമ്പോൾ അതിനെ ബലപ്രയോഗത്തിലൂടെ തടയുന്നതാണ് തെറ്റ്.

പൊതുവെ നിരുപദ്രവകാരികളായി കാണപ്പെടുന്നവരാണ് ക്രിസ്ത്യാനികൾ. പെറ്റു പെരുകിയും ആളുകളെ മതം മാറ്റിയും എണ്ണത്തിൽ വർദ്ധിച്ച് ഈ രാജ്യം പിടിച്ചടക്കാനുള്ള അതിമോഹമൊന്നും അവർ കാണിക്കാറില്ല. തല്ല് കൊള്ളുന്നതല്ലാതെ, ആരെയും അവർ സംഘം ചേർന്ന് തല്ലാറില്ല. കയ്യിൽ കൊടിയും കുറുവടിയുമായി വെല്ലുവിളികളുടെ മുദ്രാവാക്യങ്ങൾ വിളിച്ച് അവർ ജാഥ നടത്താറില്ല; തീവ്രനിലപാടുകളുമായി സമ്മേളനങ്ങൾ

നടത്താറില്ല. യേശുവിനെ നിന്ദിച്ചുകൊണ്ട് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവന്റെ കയ്യും കാലും തല്ലിയൊടിക്കുകയോ തല വെട്ടിമാറ്റുകയോ ചെയ്യാറില്ല.

പിന്നെന്തിന് തീവ്രനിലപാടുകളുള്ളവർ ക്രിസ്ത്യാനികളെ ഭയക്കുന്നു? ഇൻഡ്യയിൽ ക്രിസ്ത്യാനികൾ എന്ന ന്യൂനപക്ഷം തീവ്രമതവാദികളുടെ ആക്രമണത്തിനു വിധേയരാകുമ്പോൾ, ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ അവിടത്തെ ന്യൂനപക്ഷങ്ങൾ ഇത്തരം ആക്രമണങ്ങൾ അനുഭവിക്കേണ്ടി വരുന്നില്ല എന്നതും കൂടി ഇത്തരുണത്തിൽ നാം ചേർത്തു വായിക്കണം. പക്ഷേ ഇവിടെ പലരും ക്രിസ്ത്യാനികളെ സംശയിക്കുന്നു; അവർ മതം മാറ്റിക്കളയുന്നവരാണ് എന്നു ഭയപ്പെടുന്നു. അനാവശ്യമായ സംശയവും ഭയപ്പാടുമാണ് അത്.

ഞങ്ങൾ എണ്ണത്തിൽ കുറവാണെന്നു കരുതിയുള്ള ഒരു തരം തഴയപ്പെടലും വേട്ടയാടപ്പെടലും! പക്ഷേ ക്രിസ്ത്യാനികൾക്കെതിരെ അതിക്രൂരമായ പീഡനങ്ങൾ അഴിച്ചുവിട്ടവരുടെ വിശദാംശങ്ങൾ ചരിത്രത്തിന്റെ പഴയ താളുകളിൽനിന്നും കണ്ടെത്തി വായിക്കുന്നതും മനസ്സിലാക്കുന്നതും നല്ലതാണ്. പാതാളഗോപുരങ്ങൾ തോറ്റുപോകും എന്ന് എത്രയോ തവണ തെളിഞ്ഞിരിക്കുന്നു!

ക്രിസ്ത്യാനികൾ ആരെയും മതം മാറ്റുവാൻ നടക്കുന്നില്ല എന്നു ഞാൻ ആവർത്തിക്കുകയാണ്. ഞങ്ങൾ പറയുന്ന സുവിശേഷം കേട്ട് ചിലർ അവരുടെ മതം ഉപേക്ഷിക്കുന്നുവെന്നത് സത്യം. ഓരോരുത്തർ അവരവരുടെ മതം ഉപേക്ഷിക്കുന്നതിന് അവരെ കുറ്റം പറയാനാവില്ല. അതിനുള്ള സ്വാതന്ത്ര്യവും അവകാശവും അവർക്കുണ്ടല്ലോ. ചിലർ അവരവരുടെ മതം ഉപേക്ഷിക്കുന്നതിന് ക്രിസ്ത്യാനികളെ കുറ്റം പറയുന്നുവെങ്കിൽ ഇവിടെയുള്ള നിരീശ്വരവാദികളേയും യുക്തിവാദികളേയും കൂടി കുറ്റം പറയുകയും അവർക്കെതിരെ കൂടി നിയമനിർമ്മാണം നടത്തുകയും വേണ്ടിവരും. കാരണം ഇവർ നിമിത്തവും പലരും അവരവരുടെ മതം ഉപേക്ഷിക്കുന്നുണ്ടല്ലോ.

ഞാൻ ചുരുക്കിപ്പറയാം: ക്രിസ്ത്യാനികൾ ആരെയും മതം മാറ്റുവാൻ നടക്കുന്നില്ല. അവർ സുവിശേഷം പറയും. അതു പറയണമെന്നു കർത്താവിന്റെ കല്പനയുണ്ട്. യേശുവാണ് ഏക രക്ഷകൻ എന്നും ആ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചാൽ നിത്യജീവൻ ലഭിക്കും എന്നതുമാണ് സുവിശേഷത്തിന്റെ സാരം. ഇത് അനുസരിക്കുന്നവർ അവരുടെ നിലവിലുള്ള ചിന്താഗതികളിൽ മാറ്റം വരുത്തും; അവരുടെ വിഗ്രഹദൈവങ്ങളെ ഉപേക്ഷിക്കും. അതു സ്വാഭാവികമായ കാര്യം മാത്രമാണ്. **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Babu Joseph, Anakkulam, Idukki

*റിയൽ ലൈഫ് വോയ്സ്* മാസിക എനിക്കു ലഭിച്ചു. ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് വളരെ പ്രയോജനകരമാണ് എന്നു അറിയിക്കുന്നു. ഈ പ്രവർത്തനത്തെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## Gladson C J, Chelavoor, Kozhikode

*റിയൽ ലൈഫ് വോയ്സ്* മാസിക സ്ഥിരമായി കിട്ടുന്നുണ്ട്. വളരെ സന്തോഷം. അതിലെ എല്ലാ ചിന്തകളും വളരെ പ്രയോജനകരമാണ്. മിക്കവാറും തന്നെ ഒറ്റ ഇരുപ്പിൽ വായിച്ചുതീർക്കാറുണ്ട്. കർത്താവ് അനുഗ്രഹിക്കട്ടെ. ഇത് ആയിരക്കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടട്ടെ. പ്രാർത്ഥനയിൽ ഓർക്കുന്നു. എന്റെ അഡ്രസ്സിൽ മാറ്റമുണ്ട്. പുതിയ അഡ്രസ്സ് ഇതോടൊപ്പം കൊടുക്കുന്നു. പുതിയ അഡ്രസ്സിൽ ഇനി മാസിക അയയ്ക്കുമല്ലോ.

## K K Kuttappan, Rajakumari, Idukki

മെയ് മാസത്തിലെ എഡിറ്റോറിയൽ വായിച്ചു. കുർബ്ബാനയുടെ പേരിൽ സീറോമലബാർസഭയിൽ നടക്കുന്ന തമ്മിലടിയും പോർവിളിയും കാണുമ്പോൾ, പേരു പോലെ തന്നെ അവർ 'സീറോ' ആണ്. എന്നാൽ വേർപെട്ട സഭകളിൽ നടക്കുന്ന വഴക്കും വക്കാണവും കാണുമ്പോൾ സാത്താൻ വരെ ചിരിക്കും. നമ്മുടെയെല്ലാം ആയുസ്സ് ചുരുക്കമാണ്. വിശ്വാസികൾ മനസ്സു പുതുക്കി കർത്താവിങ്കലേക്ക് മടങ്ങിവരട്ടെ.

ആ ലക്കത്തിലെ ചെറുകഥ വിശ്വാസികൾ വായിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ടതാണ്. നാം സുവിശേഷം പറയുമ്പോൾ കേൾക്കുന്നവർ വിശ്വാസികളുടെ കുറ്റം തിരിച്ചുപറയുന്നു; വചനത്തിന് വില കല്പിക്കാതെ പോകുന്നു.... മാസിക സംബന്ധിച്ച് കുറെ നല്ല കാര്യങ്ങൾ ഇനിയും പറയാനുണ്ട്. ദൈവം ഈ ശുശ്രൂഷയെ ഇനിയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**Aelikkutty James, Nilambur, Malappuram**

മാസികയെക്കുറിച്ച് നല്ലതു മാത്രമേ പറയാനുള്ളൂ. എല്ലാം വിജ്ഞാന പ്രദങ്ങളാണ്. മാസിക കിട്ടിക്കഴിഞ്ഞാൽ അത് വായിച്ചുകഴിഞ്ഞേ മറ്റു കാര്യ ങ്ങളെന്തെങ്കിലും ചെയ്യാറുള്ളൂ. ദൈവം അനുഗ്രഹിക്കട്ടെ. ❍

## എം. വി. സെബാസ്റ്റ്യൻ എഴുതിയ പുസ്തകങ്ങൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. സത്യം തേടിയുള്ള അന്വേഷണം
3. കുടുംബജീവിതം
4. മൂപ്പൻ
5. ഓബദ്യാവ് (പുസ്തകപഠനം)
6. മീഖാ (പുസ്തകപഠനം)
7. മൂലഭാഷകളുടെ സൗന്ദര്യം
8. ചോദ്യവും ഉത്തരവും
9. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
10. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
11. മഹാകവി കെ. വി. സൈമൺ
12. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
13. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
14. സഭ
15. ഇമ്മാനുവിന്റെ സംശയങ്ങൾ
16. തലമുറകൾ

**ആദ്യത്തെ രണ്ടു പുസ്തക ങ്ങൾ മാത്രം പ്രിന്റ് ചെയ്തി ട്ടുണ്ട്. ആവശ്യപ്പെടുന്ന വർക്ക് അത് സൗജന്യമായി അയച്ചുതരുന്നതാണ്. ബാ ക്കിയുള്ള പുസ്തകങ്ങൾ വെബ്സൈറ്റിലുണ്ട്**

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ പുസ്തകങ്ങളും വെബ്സൈറ്റി ലുണ്ട്. വെബ്സൈറ്റ് സന്ദർശിക്കുക. മാത്രമല്ല, 2020 മുതലുള്ള *റിയൽ ലൈഫ് വോയ്സി*ന്റെ ലക്കങ്ങളും വെബ്സൈറ്റിലുണ്ട്. ഡൗൺലോഡ് ചെയ്തു ഉപയോഗിക്കേണ്ടവർക്ക് അങ്ങനെ ചെയ്യാ വുന്നതാണ്.

**www.reallifevoice.in**

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

3

റ്റി. എ. കുര്യൻ (കുഞ്ഞച്ചൻ)
**ഭാര്യ:**
മറിയാമ്മ കുര്യൻ
**പിതാവ്:**
റ്റി. കെ. എബ്രഹാം (അവറാച്ചൻ)
**മാതാവ്:**
അന്നമ്മ
**വല്യപ്പച്ചൻ:**
കുര്യൻ (കൊച്ചൂഞ്ഞച്ചൻ)
**വല്യമ്മ:**
മറിയാമ്മ

**ഡോ. റ്റി. എ. കുര്യൻ (1920 –2007):**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു. ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും ഇതു വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഇതിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു. (എഡിറ്റർ)**

### അവറാച്ചന്റെ വിവാഹം

വീട്ടിലെ മൂത്ത മകനായ അവറാച്ചന്റെ വിവാഹം നടത്തുന്നതിന് മാതാപിതാക്കൾ ആഗ്രഹിച്ചു. അതിനായി പ്രാർത്ഥിച്ചു. പത്തനംതിട്ട ജില്ലയിലെ റാന്നിയിലുള്ള മണ്ണിൽ കുടുംബത്തിലെ ശ്രീ. ഫിലിപ്പോസിന്റെ മകൾ അന്നമ്മയെ അവറാച്ചന് തുണയായി ലഭിച്ചത് അങ്ങനെയാണ്.

ശ്രീ. ഫിലിപ്പോസ് പല നിലയിലും അപ്പൊസ്തലപ്രവൃത്തികളിൽ കാണുന്ന ഫിലിപ്പോസിന്റെ പോലെയായിരുന്നു. അദ്ദേഹം ഉറച്ച വിശ്വാസമുള്ളവനും സ്വന്തം മക്കളെ പുതിയനിയമ ഉപദേശങ്ങൾക്കനുസരിച്ച് വളർത്തിയവനും ആയിരുന്നു. പട്ടത്വസഭയുടെ വിശ്വാസം വിട്ട്, മഹാകവി

കെ. വി. സൈമന്റെ നേതൃത്വത്തിൽ നടന്ന നവോത്ഥാന പ്രസ്ഥാനത്തിൽ ചേർന്ന വ്യക്തിയായിരുന്നു അദ്ദേഹം. മാത്രമല്ല കുമ്പനാടുള്ള മിഷണറി ഇ. എച്ച്. നോയലുമായി വളരെ സൗഹാർദ്ദപരമായ ബന്ധം പുലർത്തുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു പോന്നിരുന്നു.

രണ്ടു കുടുംബങ്ങളുടെയും ആത്മികലക്ഷ്യങ്ങൾ ഒന്നുതന്നെയായിരുന്നതിനാൽ, വിവാഹബന്ധത്തിലൂടെ തങ്ങളുടെ ആത്മീയബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നത് നന്നായിരിക്കും എന്നു അവർ ചിന്തിച്ചു. അതിൻപ്രകാരം അവറാച്ചനും അന്നമ്മയും വിവാഹത്തിലൂടെ ഒന്നാകണമെന്നു ഇരുകുടുംബക്കാരും തീരുമാനിച്ചു. അവരുടെ വിവാഹം 1918 ൽ നടന്നു. വിവാഹത്തിനു ശേഷമാണ് അവർ സ്നാനപ്പെട്ടത് എന്ന് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. പമ്പാനദിയിലെ ആറാട്ടുപുഴയിൽ ഒരേ ദിവസം അവർ ഒരുമിച്ച് സ്നാനമേറ്റു. മഹാകവി കെ. വി. സൈമനാണ് അവരെ സ്നാനപ്പെടുത്തിയത്.

കൊച്ചൂഞ്ഞച്ചന്റെയും മറിയാമ്മയുടെയും കുടുംബത്തിലേക്കുള്ള അന്നമ്മയുടെ വരവ്, ആ കുടുംബത്തിന്റെ ആത്മികനിലവാരത്തെ ഉയർത്തുന്നതിന് ഇടയാക്കി. ദൈവവചനത്തിൽ നല്ല അറിവു നേടിയിട്ടുള്ള അവൾക്ക് ഏതു വ്യക്തിയോടും രക്ഷയുടെ സന്ദേശം വ്യക്തമായി പറയാനുള്ള കഴിവുണ്ടായിരുന്നു. കൂടാതെ ദൈവവചനത്തിലെ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ സംശയങ്ങൾ ദൂരീകരിക്കാനും വിശദീകരണങ്ങൾ നൽകാനും അവൾക്കു കഴിയുമായിരുന്നു.

അവൾ എളിമയുള്ളവളായിരുന്നു; തന്റെ ബൈബിൾപരിജ്ഞാനം കൊണ്ട് മറ്റുള്ളവരിൽ മതിപ്പുളവാക്കാൻ അവളൊരിക്കലും ശ്രമിച്ചില്ല. രണ്ടു വർഷം മാത്രമേ സ്കൂളിൽ പോയിട്ടുള്ളൂവെന്നും വായിക്കാനും എഴുതാനും ലളിതമായ കണക്കുകൂട്ടലുകൾക്കുമുള്ള അറിവു നേടിയ ശേഷം സ്കൂളിൽ പോകുന്നത് നിറുത്തിയെന്നും മറ്റുള്ളവരോടു പറയാൻ അവൾക്ക് യാതൊരു മടിയും ഉണ്ടായിരുന്നില്ല. മറ്റുള്ളവരോടൊപ്പം നടക്കുമ്പോൾ, അവൾ മനഃപാഠമാക്കിയ വാക്യങ്ങൾ ഉദ്ധരിച്ച് ആ പ്രദേശത്തുള്ളവരോട് ലളിതമായ ഭാഷയിൽ സുവിശേഷം അറിയിക്കുമായിരുന്നു.

അന്നമ്മ, മാതൃകയുള്ള ഒരു മരുമകളും ഉത്തമവീട്ടമ്മയുമാണെന്നു സ്വയം തെളിയിച്ചു. കന്നുകാലികളെ തീറ്റുക, തൊഴുത്ത് വൃത്തിയാക്കുക, പശുക്കളെ കറക്കുക, ഫാമിൽ നിന്ന് വിറകു ശേഖരിക്കുക, വേലക്കാർ ഉൾപ്പെടെ എല്ലാവർക്കും ഭക്ഷണം പാകം ചെയ്യുക, ചന്തയിൽ വിൽക്കാൻ കാർഷികോത്പന്നങ്ങൾ ശേഖരിക്കുക എന്നിങ്ങനെ പല കാര്യങ്ങൾ

ചെയ്തുകൊണ്ട് ഭർത്താവിനെയും കുടുംബത്തെയും അവരുടെ കാർഷികജോലിയിൽ സഹായിക്കാൻ അവൾ കഠിനാദ്ധ്വാനം ചെയ്തു.

ഈ ജോലികൾ ചെയ്യുന്നതിനിടയിൽ അടുത്തെങ്ങാനും ആരെയെങ്കിലും കണ്ടാൽ അവരോടു ദൈവവചനവുമായി ബന്ധപ്പെട്ടു എന്തെങ്കിലും പറയുകയും ആത്മീയ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യും. ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിക്കുക (കൊലൊസ്യർ 3:1) എന്ന ദൈവിക നിർദ്ദേശം ആത്മാർത്ഥമായി അനുസരിച്ച വ്യക്തിയായിരുന്നു അവൾ. തന്റെ കുടുംബാംഗങ്ങളോടും സഭയോടും ഉള്ള അവളുടെ സ്നേഹവും അയൽക്കാരോടുള്ള ദയയും നിമിത്തം, നല്ല സ്നേഹമുള്ള മരുമകൾ, കഠിനാദ്ധ്വാനിയായ വീട്ടമ്മ, കർത്താവിന്റെ തീക്ഷ്ണതയുള്ള സാക്ഷി എന്നിങ്ങനെയുള്ള ഖ്യാതി അവൾ സമ്പാദിച്ചു.

1920-ന്റെ ആദ്യപകുതിയിൽ, അവറാച്ചനും അന്നമ്മയ്ക്കും ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു എന്ന കാര്യം അറിഞ്ഞപ്പോൾ കുടുംബാംഗങ്ങൾക്കും സഭാംഗങ്ങൾക്കുമെല്ലാം അത്യന്തം സന്തോഷമായി; അവർ അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അങ്ങനെ 1920 നവംബർ 2-ാം തീയതി, അവറാച്ചൻ-അന്നമ്മ ദമ്പതികളുടെ മൂത്ത മകനായി കുഞ്ഞച്ചൻ (റ്റി. എ. കുര്യൻ) ജനിച്ചു. അന്നമ്മയുടെ പെരുംപെട്ടിയിലെ വീട്ടിലായിരുന്നു ജനനം.

ജനനസമയത്ത് നവജാതശിശുക്കൾ സാധാരണയായി കരയുന്നതുപോലെ ആ കുഞ്ഞ് കരഞ്ഞില്ലത്രേ. മിക്കവാറും നിർജ്ജീവമായ നിലയിലായിരുന്നു ആ കുഞ്ഞ് കാണപ്പെട്ടത്. സൂതികർമ്മിണി അവന്റെ തുടയിൽ കൊടുത്ത അടിയാണ് ആ കുഞ്ഞിനെ ജീവിതത്തിലേക്ക് കൊണ്ടുവന്നത്; ആ കുഞ്ഞ് കരയാനും സാധാരണ നിലയിൽ ശ്വസിക്കാനും തുടങ്ങി.

കുറച്ചു മാസങ്ങൾക്കു ശേഷം കുഞ്ഞച്ചനെ അവന്റെ വല്യപ്പച്ചന്റെ വീട്ടിലേക്കു കൊണ്ടുവന്നു. താമസിയാതെ അവറാച്ചനും അന്നമ്മയും അവരുടെ കുഞ്ഞിനെയും കൊണ്ട് എഴുമറ്റൂരിനടുത്തുള്ള ഇരുമ്പുകുഴി എന്ന സ്ഥലത്തേക്ക് താമസം മാറ്റി. അവർ അവിടെ ഒരു നിലം വാങ്ങിയിരുന്നു. ആ പ്ലോട്ടിൽ ഒരു താത്കാലിക ഷെഡ് പണിതു. അങ്ങനെ വേറിട്ട കുടുംബമായി അവർ അവിടെ ജീവിക്കാൻ തുടങ്ങി.

**(തുടരും)**

visit our website
**www.reallifevoice.in**

# പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

31

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## നാലാം ഭാഗം: പക്ഷികൾ

**3. കാക്ക** (ലൂക്കൊസ് 12:24)

ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവരത്തിയിൽ കാക്കയില്ല! ലക്ഷദ്വീപിൽ നായയും പാമ്പും ഇല്ല! കവരത്തിയിൽ കാക്ക ഇല്ലെങ്കിലും പുതിയനിയമത്തിൽ കാക്ക ഉണ്ട്. ഒരേയൊരു കാക്ക മാത്രം! അതായത്, കാക്കയെക്കുറിച്ച് ഒരേയൊരു വാക്യം മാത്രമാണ് പുതിയനിയമത്തിലുള്ളത്. ലൂക്കൊസ് 12:24 ആണ് ആ വാക്യം. ലോകമെങ്ങും കൊറോണാവൈറസ് ഭീതി വിതച്ച് നിശബ്ദതയോടെ മുന്നേറിയ ഈ നാളുകളിൽ കാക്കയെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. എന്തുകൊണ്ടെന്നാൽ കാക്കയെ പുലർത്തുന്ന ദൈവം കാക്കയേക്കാൾ വിശേഷതയുള്ള നമ്മെ പുലർത്താതിരിക്കുമോ?

യിസ്രായേൽമക്കൾക്ക് അറപ്പ് (നിന്ദ്യം, മ്ലേച്ഛം) ആയിരിക്കണം എന്നു പറഞ്ഞ് ദൈവം കൊടുത്ത പക്ഷികളുടെ ലിസ്റ്റിൽ കാക്കയുമുണ്ട് (ലേവ്യർ 11:15). അപ്പോൾ പഴയനിയമപ്രകാരം കാക്ക അശുദ്ധമായ പക്ഷിയാണ്. ഇങ്ങനെയുള്ള കാക്കയിലൂടെയാണ് ഏലിയാവിനുള്ള ഭക്ഷണം ദൈവം എത്തിച്ചത് (1 രാജാക്കന്മാർ 17:6). രാവിലെയും വൈകിട്ടും അപ്പവും ഇറച്ചിയും കൊണ്ടുവരുന്നത് കാക്ക! തിന്നുന്നത് ദൈവത്തിന്റെ പ്രവാചകൻ! കാക്കയുടെ കൊക്കിലുള്ള ഇറച്ചിയുടെയും അപ്പത്തിന്റെയും വലുപ്പം നമുക്ക് ഊഹിക്കാമല്ലോ. ഏലിയാവ് വല്ലയിടത്തും ഇത് സാക്ഷ്യമായി പറഞ്ഞാൽ ദൈവമഹത്വമാണോ ഉണ്ടാവുക? ആരോഗ്യപ്രവർത്തകർ ഇതു കേട്ടാൽ ഏലിയാവിന്റെ ദൈവം വലിയവനെന്നു പറയുമോ?

കാക്കയെക്കൊണ്ട് ഏലിയാവെ പോറ്റിയതിനാൽ ദൈവം തന്റെ മഹത്വം തന്നെയാണ് വെളിപ്പെടുത്തിയത്. അനുസരണം കെട്ട മനുഷ്യന്റെ മുമ്പിൽ അനുസരണത്തിന്റെ പ്രതീകമായി ദൈവം കാക്കയെ അവതരിപ്പിച്ചു. ക്ഷാമമുള്ള നാട്ടിൽ ഏതോ പണക്കാരന്റെ വീട്ടിൽനിന്നും (മിക്കവാറും ആഹാബ്

രാജാവിന്റെ അരമനയിൽനിന്നും) എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും അപ്പവും ഇറച്ചിയും കവർന്നെടുക്കുന്ന കാക്ക! കാക്കയെ തടുക്കാൻ കഴിയാതെ നിസ്സഹായരായിപ്പോകുന്ന സേവകർ! എല്ലാ ദിവസവും നാലു തവണ (അപ്പം, ഇറച്ചി, അപ്പം, ഇറച്ചി) കാക്ക മനുഷ്യന്റെ അടുക്കളയിൽ കയറി ധീരത പ്രകടിപ്പിച്ചു. വെറുമൊരു കാക്കയെ തടുക്കാൻ മനുഷ്യനു കഴിഞ്ഞില്ല. എത്ര അടച്ചുറപ്പാക്കിയാലും കാക്ക എല്ലാ ദിവസവും നാലു തവണ മനുഷ്യന്റെ അഹങ്കാരത്തിനു കനത്ത പ്രഹരമേൽപ്പിച്ചുകൊണ്ട് തന്റെ ദൗത്യം തുടർന്നു. മാത്രമല്ല, വിശ്വസ്തതയോടെ ആ ഭക്ഷണം ഏലിയാവിനു എത്തിക്കുകയും ചെയ്തു!

ഏലിയാവ് ആ കാക്കയെ സ്നേഹത്തോടെ തലോടിയോ? ആ കാക്കയോട് സ്നേഹത്തോടെ സംസാരിച്ചുവോ? ആ അപ്പത്തിൽനിന്നും ഇറച്ചിയിൽനിന്നും അല്പം ആ കാക്കയ്ക്ക് കൊടുത്തുവോ? “ശരി, വൈകുന്നേരം കാണാം” എന്നു പറഞ്ഞ് അതിനെ യാത്രയാക്കിയോ? എല്ലാറ്റിനും സാധ്യത ഇല്ലാതില്ല. ഊഷ്മളമായ ഒരു ‘മനുഷ്യൻ-കാക്ക ബന്ധം’ അവിടെ പൊട്ടിവിരിയുകയായിരുന്നു എന്നു പറയാം. അശുദ്ധം എന്നു ദൈവം തന്നെ എണ്ണിയ കാക്കയ്ക്ക് ദൈവം തന്നെ മാന്യത കൊടുക്കുന്ന രംഗമാണ് നാം ഇവിടെ കാണുന്നത്.

ശൂലേംകാരത്തി തന്റെ പ്രിയന്റെ വിശേഷത അക്കമിട്ടു നിരത്തുമ്പോൾ കൂട്ടത്തിൽ പറഞ്ഞ ഒരു കാര്യം, അവന്റെ മുടി കാക്കയെപ്പോലെ കറുത്തതാണ് എന്നാണ് (ഉത്തമഗീതം 5:11). കറുത്ത മുടിയിൽ വർണ്ണച്ചായം പൂശി നടക്കുന്ന ഫ്രീക്കന്മാരും ഫ്രീക്കത്തിമാരും ഇതൊന്നു ശ്രദ്ധിക്കുമോ?! ഉടുപ്പിലും മുടിയിലും താടിയിലും വൈകൃതങ്ങൾ വരുത്തി, ബൈബിളിലെ സൗന്ദര്യസങ്കല്പത്തെ പൊളിച്ചെഴുതാൻ നടക്കുന്ന ആധുനികയുവത്വത്തിന്റെ അലകൾ ദൈവസഭകളിൽ കയറിപ്പറ്റാതെ തടയാൻ മൂപ്പന്മാർ പാടുപെടേണ്ടിവരും. ഇക്കാര്യത്തിൽ ചിലപ്പോൾ അവർ തോറ്റുപോയെന്നും വരാം.

“കാക്കയെ നോക്കുവിൻ; അതു വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അതിനു പാണ്ടികശാലയും കളപ്പുരയും ഇല്ല; എങ്കിലും ദൈവം അതിനെ പുലർത്തുന്നു. പറവജാതിയേക്കാൾ നിങ്ങൾ എത്ര വിശേഷതയുള്ളവർ!” (ലൂക്കൊസ് 12:24). പുതിയനിയമത്തിൽ കാക്കയെക്കുറിച്ചു പറയുന്ന ഏകവാക്യം ഇതാണ് എന്ന് നേരത്തെ ചൂണ്ടിക്കാണിച്ചല്ലോ. ചില മടിയന്മാർ ഈ വാക്യം വായിച്ച് വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: കാക്ക വിതയ്ക്കുകയോ കൊയ്യുകയോ കൂട്ടിവയ്ക്കുകയോ ഒന്നും ചെയ്യുന്നില്ല; പക്ഷേ ദൈവം അതിനെ ഭംഗിയായി പുലർത്തുന്നു. ഞാനും അദ്ധ്വാനിക്കുന്നില്ല; ദൈവം എന്നെ പുലർത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

അയ്യോ! മടിയാ! അതല്ല ഇവിടത്തെ അർത്ഥം. വിതയ്ക്കുവാനോ കൊയ്യുവാനോ കളപ്പുരയിൽ കൂട്ടിവയ്ക്കാനോ പ്രാപ്തിയില്ലാത്ത ഈ പാവം ജീവിയെ ദൈവം പുലർത്തുന്നു എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കാക്കക്കുഞ്ഞുങ്ങൾ ഇര കിട്ടാതെ ഉഴന്നു ദൈവത്തോടു നിലവിളിക്കുമ്പോൾ അതിനു തീറ്റ എത്തിച്ചുകൊടുക്കുന്നത് നമ്മുടെ ദൈവമാണ് (ഇയ്യോബ് 38:41; സങ്കീർത്തനങ്ങൾ 147:9). അശുദ്ധവും നിസ്സാരവുമായ ഈ പക്ഷിയെപ്പോലും പോറ്റിപ്പുലർത്തുന്ന ദൈവം, തന്റെ ഛായയിലും സ്വരൂപത്തിലും സൃഷ്ടിച്ച മനുഷ്യനെ പോറ്റിപ്പുലർത്താതിരിക്കുമോ എന്നാണ് ഇവിടത്തെ ആശയം.

കാക്കക്കുഞ്ഞുങ്ങൾക്കുവേണ്ടിപോലും കരുതുന്ന മനസ്സലിവുള്ള ദൈവമാണ് നമുക്കുള്ളത്. കാക്കയെക്കൊണ്ടുപോലും അനുസരിപ്പിക്കുന്ന സർവശക്തനായ ദൈവമാണ് നമുക്കുള്ളത്. അതുകൊണ്ട് നമുക്ക് ഒന്നിനെക്കുറിച്ചും ടെൻഷൻ വേണ്ട. നാം ടെൻഷൻ (വിചാരപ്പെടൽ) ഒഴിവാക്കണം എന്നു പറഞ്ഞുകൊണ്ടാണ് കർത്താവ് പുതിയനിയമത്തിൽ കാക്കയെ അവതരിപ്പിച്ചത്. "കാക്കയെ നോക്കുവിൻ" എന്നു കർത്താവ് പ്രത്യേകം പറഞ്ഞുവല്ലോ. വീട്ടുവളപ്പിൽ കാക്കയെ കാണുമ്പോഴേക്കും കല്ലെടുത്ത് എറിഞ്ഞ് ഓടിക്കാതെ അല്പനിമിഷം അതിനെ ഒന്നു നോക്കിനിൽക്കുക. ദൈവം അതിനെ പുലർത്തുന്നു എന്നു ധ്യാനിക്കുക. എന്തുകൊണ്ടെന്നാൽ ടെൻഷൻ മാറ്റുവാനായി കാക്കയെ നോക്കുവാൻ കർത്താവ് കൽപ്പിച്ചിരിക്കുന്നു.

സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടാതെ നാം വലയുമ്പോൾ, രോഗം നമ്മെ തളർത്തുന്നു എന്നു തോന്നുമ്പോൾ, മക്കളുടെ വിവാഹാവശ്യങ്ങൾ നിറവേറപ്പെടാതെ നാം വിഷമിക്കുമ്പോൾ.... വീട്ടുവളപ്പിൽ നിന്നും ഉയരുന്ന കാക്കയുടെ ശ്രുതിമധുരമല്ലാത്ത ശബ്ദം നിങ്ങൾക്ക് അസ്വസ്ഥത ഉണ്ടാക്കരുത്. കാക്ക വിരുന്നുകാരനെ വിളിക്കുന്നതല്ല. ദൈവം എന്നെ പുലർത്തുന്നു എന്ന സന്ദേശം വിളിച്ചറിയിക്കുകയാണ്.

നാം കാക്കയേക്കാൾ വിശേഷതയുള്ളവരാണ്. കാക്കയെ പുലർത്തുന്ന ദൈവം എന്നെ പുലർത്താതെ പോകുമോ? സാമ്പത്തികമേഖലയുടെ നട്ടെല്ല് തകർത്ത് കൊറോണാവൈറസ് ജൈത്രയാത്ര നടത്തി. ഇപ്പോഴും ലോകം കൊറോണാവൈറസിന്റെ ഭീതിയിൽത്തന്നെയാണ്. ഇങ്ങനെയുള്ള ഈ സങ്കടക്കാലത്ത് കാക്കകൾക്കുവേണ്ടിപോലും കരുതുന്ന ദൈവത്തെ നോക്കി നമുക്ക് ശക്തിപ്പെടാം. **(അവസാനിച്ചു)**


അടുത്ത ലക്കം മുതൽ വായിക്കുക

**റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

9

**സദുപയോഗം എങ്ങനെ?**

വാസ്തവത്തിൽ കമ്പ്യൂട്ടറും മൊബൈൽഫോണും ലാപ്ടോപും ഉപയോഗിക്കേണ്ട വിധത്തിൽ നാം ഉപയോഗിച്ചാൽ വിജ്ഞാനത്തിന്റെ അനന്തവിശാലമായ ഒരു ലോകത്തിലേക്ക് പ്രവേശിച്ച്, കഴിഞ്ഞ കാലങ്ങളിൽ നമുക്ക് സ്വപ്നം കാണാൻ പോലും കഴിഞ്ഞിട്ടില്ലാതിരുന്ന പലതും കണ്ടെത്താനും നേടിയെടുക്കാനും ഇക്കാലത്ത് നമുക്ക് സാധിക്കും. ലോകപ്രശസ്ത ലൈബ്രറികളിൽ മാത്രം കാണാൻ കഴിയുന്ന അതിപുരാതന ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി വച്ചിരിക്കുന്ന ചരിത്രരഹസ്യങ്ങളും മറ്റും കഷ്ടപ്പെട്ടും പണം ചെലവാക്കിയും ഒരിടത്തേക്കും യാത്ര ചെയ്യാതെ, സ്വന്തം വീട്ടിലെ ഒരു മുറിയിലിരുന്നുകൊണ്ട് നമ്മുടെ മൊബൈൽഫോണിന്റെയും ഗൂഗിളിന്റെയും മാത്രം സഹായത്തോടെ കണ്ടെത്താനും മനസ്സിലാക്കാനും ഇന്നു നമുക്കു സാധിക്കും.

വീതിയും നീളവും ഉയരവും കണക്കുകൂട്ടാനാവാത്ത അതിബൃഹത്തായ വിജ്ഞാനലോകത്തിന്റെ ഉയരങ്ങളിലേക്ക് പറന്നെത്തി പര്യവേക്ഷണം നടത്താൻ നമ്മെ പ്രാപ്തിപ്പെടുത്തുന്ന മൊബൈൽഫോണും കമ്പ്യൂട്ടറും ഉപയോഗിക്കേണ്ട വിധത്തിൽ മാത്രം നാം ഉപയോഗിച്ചാൽ അതുമൂലം ലഭ്യമാകുന്ന പ്രയോജനങ്ങൾ ഭാവനാതീതമാണ്. എന്നാൽ ഈ ഉപകരണങ്ങൾ നാം ദുരുപയോഗം ചെയ്താൽ അതിന്റെ അനന്തരഫലങ്ങളും ഭയങ്കരങ്ങളായിപ്പോകും. സൈബർലോകത്തു നിന്ന് കാതുകളിലേക്ക് "മുത്തേ... കരളേ" വിളികൾ എത്തിയിട്ടുള്ളതിനു പിന്നാലെ നെഞ്ചിലേക്ക് വെടിയുണ്ടയോ കഠാരക്കുത്തോ ഒക്കെ എത്തിയിട്ടുള്ളതായും യാഥാർത്ഥ്യത്തിന്റെ ലോകത്തിലെ സംഭവങ്ങൾ തെളിയിക്കുന്നുണ്ട്.

മൊബൈൽഫോണും കമ്പ്യൂട്ടറും ഉപയോഗിച്ച് രഹസ്യ സംഭാഷണങ്ങളും ചാറ്റിംഗും നടത്തി മാനസിക ലോകത്തെ ചുരുക്കി ചുരുക്കി മാനസികാരോഗ്യം നശിപ്പിച്ചു കളയാനും മാനസിക രോഗികളായി തീരാനും അപകടങ്ങളിൽ പെട്ടുപോകാനും ഒന്നും ഈ ലേഖനം വായിക്കുന്ന ആർക്കും ഇടയാകാതെ സൂക്ഷിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ

മാനസികലോകം ദൈനംദിനം ചുരുങ്ങിപ്പോകാനല്ല, വികാസം പ്രാപിക്കാൻ തന്നെ - മാനസികമായി കൂടുതൽ കൂടുതൽ നാം ശക്തി പ്രാപിക്കാൻ തന്നെ ഇടവരുത്തുന്ന വിധത്തിൽ മൊബൈൽഫോണും കമ്പ്യൂട്ടറും ഒക്കെ ഉപയോഗിക്കാൻ നമുക്കെല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിച്ചുകൊള്ളുന്നു.

**"മോം സോറി" ("അമ്മേ ഞാൻ ദുഃഖിക്കുന്നു")**

2021 സെപ്റ്റംബർ 15-ാം തീയതി പത്രങ്ങളിൽ, 6 മാസം മുമ്പ് കാണാതായ വളരെ മിടുക്കനായിരുന്ന ഒരു പതിനാറുകാരൻ വിദ്യാർത്ഥിയുടെ മൃതദേഹം ആൾതാമസമില്ലാതിരുന്ന ഒരു വീടിനുള്ളിൽ കണ്ടെത്തിയെന്ന വാർത്ത കണ്ടു. പത്താം ക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും പുരസ്കാരങ്ങളും സ്കോളർഷിപ്പും കരസ്ഥമാക്കി പ്ലസ് വൺ ക്ലാസ്സിൽ പഠനം ആരംഭിക്കുകയും ചെയ്ത ഈ വിദ്യാർത്ഥിക്ക് ഓൺലൈൻ പഠനത്തിനായി മാതാപിതാക്കൾ നല്ല ഒരു മൊബൈൽഫോൺ കൊടുത്തു. അവൻ നന്നായി പഠിക്കാനാരംഭിക്കുകയും ചെയ്തു.

പിന്നീട് സംഭവിച്ചത്: അവന്റെ ഫോണിലേക്ക് ഏതോ ഓൺലൈൻ ചൂതുകളിസംഘം സന്ദേശം അയയ്ക്കുകയും അവനെ അതിലേക്ക് ആകർഷിക്കുകയും ചെയ്തു. അത് വൻനഷ്ടത്തിൽ കലാശിച്ചു. എടിഎം കാർഡ് ഉപയോഗിച്ച് ബാങ്കിൽ നിന്ന് പണം മാതാപിതാക്കൾ അറിയാതെ പിൻവലിച്ച് ചൂതുകളിക്ക് ചെലവാക്കേണ്ടിവന്നു. ഇതു നിമിത്തം അവൻ വല്ലാതെ വിഷമിച്ചു. പണം പിൻവലിച്ച വിവരം മാതാപിതാക്കൾ അറിഞ്ഞാൽ എന്തു സംഭവിക്കുമെന്ന മനോവിഷമം ഒടുവിൽ വിജനപ്രദേശത്തെ ആൾപാർപ്പില്ലാത്ത വീട്ടിൽ ചെന്ന് അവിടെ വെച്ച് ജീവനൊടുക്കാൻ അവനെ പ്രേരിപ്പിച്ചു.

അവൻ ആത്മഹത്യ ചെയ്ത മുറിയുടെ ചുമരിന്മേൽ ഇപ്രകാരം എഴുതിവച്ചിരുന്നു:"മോം സോറി" ("അമ്മേ ഞാൻ ദുഃഖിക്കുന്നു"). മൊബൈൽഫോണും കമ്പ്യൂട്ടറും ഉപയോഗിച്ച് രഹസ്യമായ യാതൊരു ഇടപാടും ആരുമായും നടത്തുകയില്ല എന്ന തീരുമാനം ഈ വിദ്യാർത്ഥി എടുത്തിരുന്നുവെങ്കിൽ അവൻ ഓൺലൈൻ ചൂതുകളി സംഘത്തിന്റെ വലയിൽ അകപ്പെടുമായിരുന്നില്ല.

ഓൺലൈൻ ചാറ്റിംഗിലൂടെ സൗഹൃദം സ്ഥാപിച്ചുകൊണ്ട് പണം തട്ടിയെടുക്കുക, ലൈംഗികാതിക്രമങ്ങൾക്ക് ഇരയാക്കുക, ജോലി നൽകാമെന്നു വാഗ്ദാനം ചെയ്ത് വിളിച്ചുവരുത്തി പീഡത്തിനിരയാക്കി ഒടുവിൽ ചുവപ്പു തെരുവിലെ, വീടും നാടും പൗരത്വവും ആത്മാവും ജീവനും ഒന്നുമില്ലാത്ത ലൈംഗികത്തൊഴിലാളിയാക്കിത്തീർക്കുക, എന്നിത്യാദി കൊടിയ

ദുഷ്ടതകളാണ് ഇന്നത്തെ ലോകത്തിൽ നിത്യേന അരങ്ങേറുന്നത്. ഈ വസ്തുത വ്യക്തമാക്കുന്ന ഒന്നുരണ്ടു സംഭവങ്ങൾ കൂടി ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

2021 സെപ്റ്റംബർ 11-ാം തീയതി തൃശ്ശൂരിൽ നിന്നു പ്രസിദ്ധീകരിച്ച മാതൃഭൂമി ദിനപ്പത്രത്തിന്റെ 5-ാം പേജിൽ കണ്ട ഒരു വാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു: "ലഹരി നൽകി കൂട്ടബലാത്സംഗം: രണ്ടു പേർ അറസ്റ്റിൽ" ടിക്ടോക്ക് വഴി പരിചയപ്പെട്ട യുവതിയുമായി പ്രേമം നടിച്ച് ദീർഘനാളുകൾ സൗഹൃദത്തിലിരുന്ന് ചാറ്റിംഗ് നടത്തിയ ശേഷം കോഴിക്കോടുള്ള ഒരു ഫ്ളാറ്റിലേക്ക് വിളിച്ചുവരുത്തി ലഹരി മരുന്ന് കഴിപ്പിച്ച ശേഷമായിരുന്നു അവളെ ഉപദ്രവിച്ചത്.

2021 സെപ്റ്റംബർ 23-ാം തീയതി തൃശ്ശൂരിൽ നിന്ന് പ്രസിദ്ധീകരിച്ച മലയാള മനോരമ 8-ാം പേജിലെ ഒരു തലക്കെട്ട് ഇപ്രകാരമായിരുന്നു: "പ്രണയം നടിച്ച് യുവാവിൽ നിന്ന് 11 ലക്ഷം തട്ടി: യുവതിയും ഭർത്താവും അറസ്റ്റിൽ" ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ട ശേഷം യുവാവുമായി കുറെക്കാലം സൗഹൃദത്തിലിരുന്നുകൊണ്ട് ഒടുവിൽ വിവാഹം കഴിക്കാനാഗ്രഹിക്കുന്നുമെന്നു പറഞ്ഞു വിശ്വസിപ്പിച്ച് അയാളുടെ കയ്യിൽ നിന്ന് 11 ലക്ഷം രൂപ തട്ടിയെടുക്കുകയായിരുന്നു.

മൊബൈൽഫോണിന്റെയും കമ്പ്യൂട്ടറിന്റെയും ദുരുപയോഗം നാം പൂർണ്ണമായി ഒഴിവാക്കിയെങ്കിൽ മാത്രമേ ഇത്തരം ആപത്തുകളിൽ നിന്നും വഞ്ചനകളിൽ നിന്നും രക്ഷ നേടാനൊക്കുകയുള്ളൂ. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് നാം സന്ദേശങ്ങൾ കൈമാറുന്നതിനു പിന്നിൽ നല്ല ഉദ്ദേശ്യങ്ങൾ മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. ചെറുപ്പക്കാരാണെങ്കിൽ അവരുടെ മാതാപിതാക്കൾ ശരിവയ്ക്കുന്ന വിധത്തിലും ഭാര്യാഭർത്താക്കന്മാരാണെങ്കിൽ അവരുടെ ജീവിതപങ്കാളികൾ ശരി വയ്ക്കുന്ന രീതിയിലും മാത്രമേ മൊബൈൽഫോണും കമ്പ്യൂട്ടറും ലാപ്ടോപ്പും മറ്റും നാം ഉപയോഗിക്കാൻ പാടുള്ളൂ.

ഇപ്രകാരം ചെയ്യുന്നതിലൂടെയാണ് അവയുടെ സദുപയോഗം ഉറപ്പുവരുത്തുവാൻ നമുക്ക് സാധിക്കുക. മറിച്ചു പ്രവർത്തിക്കുന്നത് വലിയ ആപത്താണെന്ന് അനേകരുടെ അനുഭവങ്ങൾ നമ്മോടു വിളിച്ചുപറയുന്നു. സദുപയോഗം മൂലമുണ്ടാകുന്ന പ്രയോജനങ്ങളും നേട്ടങ്ങളും വാസ്തവത്തിൽ അളവറ്റതും ഭാവനാതീതവുമാണ്. അത് ഉറപ്പു വരുത്തുവാനും ആപത്തുകൾ ക്ഷണിച്ചു വരുത്താതിരിക്കാനും നമുക്കിടയാകട്ടെ.

**(അവസാനിച്ചു)**

# ഹബക്കൂക് (പുസ്തകപഠനം)

5

## -എംവിഎസ്-

**ഹബക്കൂക് 1:6**

*ഞാൻ ഉഗ്രതയും വേഗതയുമുള്ള ജാതിയായ കൽദയരെ ഉണർത്തും; അവർ തങ്ങളുടേതല്ലാത്ത വാസസ്ഥലങ്ങളെ കൈവശമാക്കേണ്ടതിന് ഭൂമണ്ഡലത്തിൽ നീളെ സഞ്ചരിക്കുന്നു.*

അഞ്ചാം വാകൃത്തിൽ, ശിക്ഷാവിധിയുടെ ഭാഗമായി ദൈവം ചെയ്യുമെന്നു പറഞ്ഞ 'പ്രവൃത്തി' ഉഗ്രജാതിയായ കൽദയരെ ഉണർത്തും എന്നതാണ്. ദൈവജനത്തെ ബുദ്ധി പഠിപ്പിക്കാനായി ദൈവം കൽദയരെ വരുത്തുന്നു! ഇന്ത്യയിൽ ബിജെപി ഗവൺമെന്റിന്റെ വരവ് പല വിശ്വാസികളിലും ആശങ്ക പടർത്തിയിരുന്നു. ആദ്യവട്ടം കാലാവധി പൂർത്തിയാക്കിയ ബിജെപി സർക്കാർ രണ്ടാം വട്ടവും അധികാരത്തിൽ വരാതിരിക്കാൻ ദൈവജനം പലരും ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു. പക്ഷേ രണ്ടാം വട്ടവും ബിജെപി തന്നെ അധികാരത്തിലെത്തി. വിദേശത്തു നിന്നു കുത്തിയൊഴുകിയിരുന്ന കോടിക്കണക്കിനു രൂപയുടെ ബലത്തിൽ അഹങ്കാരികളായിത്തീർന്ന പല ക്രിസ്ത്യാനികളേയും ബുദ്ധി പഠിപ്പിക്കാനാണ് ദൈവം ബിജെപി സർക്കാരിനെ അധികാരത്തിലേറ്റിയത് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല.

വിദേശപണത്തിന്റെ കുത്തൊഴുക്ക് ബിജെപി സർക്കാർ തടയുക തന്നെ ചെയ്തു. ഗൾഫ്, അമേരിക്ക തുടങ്ങി പല കിളിവാതിലുകളും തുറന്ന് തങ്ങളുടെ മേൽ പെയ്തുകൊണ്ടിരുന്ന പണമഴ നനഞ്ഞ് കുതിർന്ന്, ആഡംബരജീവിതം നയിച്ചിരുന്ന പല സുവിശേഷപ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും ശക്തമായ തിരിച്ചടി നൽകിക്കൊണ്ട് ബിജെപിസർക്കാർ ചില നിയമങ്ങളും നിബന്ധനകളും മുന്നോട്ടുവയ്ക്കുകയും അതു പ്രാവർത്തികമാക്കുകയും ചെയ്തു. എങ്കിലും മാതാ അമൃതാനന്ദമയി പോലുള്ള നിരവധി ഹൈന്ദവ ആത്മികബിസിനസ്സുകാരെ ബിജെപിസർക്കാർ തൊട്ടില്ല. കാരണം, ദൈവം ബിജെപിസർക്കാരിനെ കൊണ്ടുവന്നിരിക്കുന്നത് ഹൈന്ദവആത്മികബിസിനസ്സുകാരെ തടയാനല്ല, ക്രിസ്ത്യാനികൾ എന്ന പേരും പറഞ്ഞ് തട്ടിപ്പു നടത്തുന്നവരെ തടയാനാണ്. ദൈവജനമേ ഉണരുക, മാനസാന്തരപ്പെടുക.

ദൈവം പാർസിരാജാവായ കോരെശിന്റെ മനസ്സുണർത്തിയ കാര്യം 2 ദിനവൃത്താന്തം 36:22 ൽ പറയുന്നുണ്ട്. അത് ദൈവജനമായ യിസ്രായേലിനു അനുകൂലമായ ഉണർത്തലായിരുന്നു. ദൈവജനത്തിന് അനുകൂലമായും പ്രതികൂലമായും ദൈവം ജാതികളുടെ മനസ്സിനെ ഉണർത്തിയിട്ടുണ്ട്.

**കൽദയർ**

കൽദയ ദേശം, ബാബേൽ ഇവ രണ്ടും ഒന്നാണ് (യെശയ്യാവ് 47:1; യിരമ്യാവ് 51:24,35). ഉല്പത്തി 11:1-9 വരെയുള്ള ഭാഗം വായിച്ചാൽ, ബാബേലിനെക്കുറിച്ചു ചില കാര്യങ്ങൾ നമുക്കു മനസ്സിലാകും. അന്നു ആകാശത്തോളമെത്തുന്ന ഒരു ഗോപുരം പണിയാൻ മനുഷ്യർ ശ്രമിക്കുകയും ദൈവം മനുഷ്യരെ ഭൂതലത്തിലെങ്ങും ചിന്നിച്ചുകളയുകയും ചെയ്തു. അവിടെ പറഞ്ഞിരിക്കുന്ന സ്ഥലത്തു നിന്നും മനുഷ്യരെ ഭൂതലത്തിലെങ്ങും ചിന്നിച്ചു കളഞ്ഞുവെങ്കിലും, ആ സ്ഥലത്ത് തന്നെ ജീവിച്ച ജനമാണ് കൽദയർ.

ജലപ്രളയം ഉണ്ടായത് ബിസി 2348 ലാണത്രേ. ബാബേലിലെ ഗോപുരം പണിതതും മനുഷ്യർ ചിന്നിച്ചുകളയപ്പെട്ടതും ബിസി 2246 ലാണെന്നു അഭിപ്രായപ്പെടുന്നു. ഏകദേശം 250 കൊല്ലങ്ങൾക്കു ശേഷം, അതായത് ബിസി 1996 ൽ ദൈവം ആ കല്ദയദേശത്തു നിന്നും ഒരാളെ തിരഞ്ഞെടുത്തു. അബ്രാഹാം! (ഉല്പത്തി 11:28, നെഹമ്യാവ് 9:7). ആ അബ്രഹാമിന്റെ സന്തതിപരമ്പരകളാണ് യിസ്രായേൽ. ആ യിസ്രായേൽക്കാർക്കെതിരെ ദൈവം ആ പഴയ കൽദയദേശത്തു നിന്നു തന്നെ ആളുകളെ കൊണ്ടുവരുന്നു!

ഏതൊരു ദേശത്തുനിന്നു അബ്രാഹാമിനെ വേർതിരിച്ചു കൊണ്ടുവന്നുവോ, അതേ ദേശത്തുനിന്നു തന്നേ അബ്രാഹാമിന്റെ സന്തതിപരമ്പരകൾക്കെതിരെ ദൈവം ആളുകളെ കൊണ്ടുവരുന്നു. അവർ ഉഗ്രതയും വേഗതയും ഉള്ളവരാണ്. ഉഗ്രതയുള്ളവരാണെന്നു പറഞ്ഞതിൽ നിന്നും അവർ യാതൊരു തരത്തിലും കരുണ കാണിക്കാൻ തയ്യാറല്ലാ എന്നു മനസ്സിലാക്കാം. അവർ വേഗതയുള്ളവർ കൂടിയാണ്. കാര്യങ്ങൾ വേഗത്തിൽ അവർ ചെയ്യും.

ദൈവം പരിപാലിച്ചു കൊണ്ടുനടന്ന ജനത്തിനെതിരെ ദൈവം തന്നെ വിരോധികളെ കൊണ്ടുവരുന്നു! സ്വന്തം മക്കൾക്കെതിരെ അപ്പൻ തന്നെ ശത്രുക്കളെ കൊണ്ടുവരികയോ?! ദൈവം അതു ചെയ്യും. സ്വന്തം മക്കളെ നശിപ്പിക്കുകയല്ല ലക്ഷ്യം, നന്നാക്കുകയാണ്. ഹബക്കൂകിന്റെ ഈ പ്രവചനം കേട്ട് പക്ഷേ ആരും മാനസാന്തരപ്പെട്ടില്ല!

**(തുടരും)**

# അവൾ ചാവേറായി മാറി; അവളെ രക്ഷിച്ചവരെ കൊല്ലാൻ!

**സാബു കെ എസ്, തിരുവനന്തപുരം**

പാലസ്തീനിലെ ജബല്യ അഭയാർത്ഥികേന്ദ്രത്തിൽ 21 വയസ്സുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവളുടെ പേര് വഫ അൽ-ബിരി എന്നായിരുന്നു. 2005 ലെ വസന്തകാലം. അവൾ അടുക്കളയിൽ ഭക്ഷണം പാകം ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ഗ്യാസ്കുക്കർ പൊട്ടിത്തെറിച്ചു. മുഖമൊഴികെ ശരീരത്തിന്റെ പകുതിയോളം പൊള്ളലേറ്റു. പലസ്തീനിലെ ഷിഫ ആശുപത്രിയിൽ അവളെ ആദ്യം പ്രവേശിപ്പിച്ചുവെങ്കിലും കാര്യമായ പുരോഗതി ഉണ്ടായില്ല.

കൂടുതൽ മെച്ചപ്പെട്ട ചികിത്സ അവൾക്ക് ലഭ്യമാക്കാനായി ഇസ്രായേലിലെ ബേർശേബാ നഗരത്തിലെ സൊറോക്കോ ആശുപത്രിയിൽ അവളെ പ്രവേശിപ്പിക്കുവാൻ ബന്ധുക്കൾ ആഗ്രഹിച്ചു. ഇസ്രായേലും പാലസ്തീനും തമ്മിൽ സംഘർഷത്തിലും ശത്രുതയിലും ആണെങ്കിലും മാനുഷിക പരിഗണനകൾ വച്ചുകൊണ്ട് യിസ്രായേൽ പല സഹായങ്ങളും പാലസ്തീൻ ജനതയ്ക്കു ചെയ്തുകൊടുക്കാറുണ്ട്. അങ്ങനെ ഇസ്രായേൽ ഗവൺമെന്റിന്റെ അനുമതിയോടുകൂടി സൊറോക്കോ ആശുപത്രിയിൽ വഫയെ പ്രവേശിപ്പിച്ചു.

അവിടെ ഡോക്ടർ യുവാൽ ക്രീഗറിന്റെ നേതൃത്വത്തിൽ വിദഗ്ദ ചികിത്സ വഫയ്ക്കു ലഭിച്ചു. ശരീരത്തിന്റെ 45 ശതമാനം പൊള്ളലേറ്റിരുന്ന അവൾക്ക് 12 തവണ രക്തം കയറ്റേണ്ടി വന്നു (blood transfusion). ഒടുവിൽ അവളുടെ ജീവൻ രക്ഷിക്കാൻ അവർക്കു കഴിഞ്ഞു. പാലസ്തീനിലെ ഷിഫ ആശുപത്രിക്കാർ പരാജയപ്പെട്ടിടത്താണ് ഇസ്രായേലിലെ സൊറോക്കോ ആശുപത്രിക്കാർ വിജയിച്ചത്. മാത്രമല്ല, സൊറോക്കോ ആശുപത്രി അധികൃതർ വഫയുടെ ചികിത്സയ്ക്കുവേണ്ടി പണമൊന്നും ഈടാക്കിയുമില്ല!

ഗാസയിലുള്ള വഫയുടെ കുടുംബം ഇക്കാര്യത്തിൽ സൊറോക്കോ ആശുപത്രി അധികൃതരോട് അങ്ങേയറ്റം നന്ദിയുള്ളവരായിരുന്നു. ശത്രുരാജ്യമായി പരിഗണിച്ചുപോരുന്ന ഇസ്രായേലിൽ അവരുടെ മകൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുകയും അവളുടെ ജീവൻ രക്ഷപ്പെടുകയും മാത്രമല്ല അതിനു യാതൊരു പണവും ഈടാക്കിയില്ല എന്നതും അവരിൽ തികഞ്ഞ

മതിപ്പുളവാക്കിയിരുന്നു. നന്ദിസൂചകമായി അവർ ഇപ്രകാരം എഴുതി അറിയിച്ചു: great efforts and wonderful, warm attitude (മഹത്തായ പരിശ്രമങ്ങൾ, അതിശയം, ഊഷ്മളമായ മനോഭാവം)

ചികിത്സയ്ക്കുശേഷം ഗാസയിലേക്കു മടങ്ങിയ വഫയെ കാത്തിരുന്നത് സന്തോഷം പകരുന്ന കാര്യങ്ങളല്ല. അവളുടെ പ്രതിശ്രുത വരൻ അവളെ ഉപേക്ഷിച്ചു. അവളുടെ സഹോദരന്മാർക്ക് അവളൊരു നാണക്കേടായി മാറി. അവളുടെ മാതാപിതാക്കളും അവളുടെ നിമിത്തം വിഷമിച്ചു. അങ്ങനെ വഫ തികഞ്ഞ നിരാശയിലായി. കൂട്ടുകാരിൽനിന്നും പോലും ഒറ്റപ്പെട്ടുപോയ അവൾ ആത്മഹത്യ ചെയ്യാൻ ആഗ്രഹിച്ചു.

വഫയെക്കുറിച്ചും അവളുടെ അപ്പോഴത്തെ മാനസികാവസ്ഥയെക്കുറിച്ചും പാലസ്തീനിലെ Al Aqsa Martyrs Brigade എന്ന ഭീകരസംഘടനയ്ക്ക് അറിവു കിട്ടി. മരിക്കണമെന്നു ആഗ്രഹിച്ചു നടക്കുന്ന ഒരു പെൺകുട്ടി... അവൾക്ക് ഇസ്രായേലിൽ തുടർചികിത്സയ്ക്കു പോകാൻ അനുവാദവുമുണ്ട്. നല്ലൊരു സുവർണ്ണാവസരമാണ് വീണുകിട്ടിയിരിക്കുന്നതെന്നു ആ ഭീകരസംഘടന തിരിച്ചറിഞ്ഞു. അവരുടെ ആളുകൾ വഫയോടു സംസാരിച്ചു. പൊള്ളലേറ്റു വിരൂപയായതു നിമിത്തം ഇനി നല്ലൊരു കുടുംബജീവിതം ഉണ്ടാകയില്ലെന്നും മതത്തിനുവേണ്ടി രക്തസാക്ഷിയായി സ്വർഗ്ഗം സ്വന്തമാക്കുകയാണ് വേണ്ടതെന്നും അവർ അവളെ ഉപദേശിച്ചു.

ഭീകരരുടെ തന്ത്രം വിജയിച്ചു. വഫ ചാവേറാകാൻ തയ്യാറായി. ഭീകരർ അവളുടെ അടിവസ്ത്രത്തിൽ ബോംബ് ഒളിപ്പിച്ച് അവളെ ഇസ്രായേൽ-പാലസ്തീൻ അതിർത്തിയിലെ എരെസ് (Erez) ചെക്ക്പോയിന്റിൽ എത്തിച്ചു. 2005 ജൂൺ 20 ന് രാവിലെ 8 മണിക്ക്, സൊറോക്കോ ആശുപത്രിയിൽ തുടർചികിത്സയ്ക്കായി എത്തുന്നതിനുള്ള ഇസ്രായേൽ അധികൃതരുടെ അനുമതിക്കത്തും അടിവസ്ത്രത്തിൽ ഏകദേശം ഒമ്പതു കിലോയോളം വരുന്ന സ്ഫോടകവസ്തുക്കളുമായി അതിർത്തി കടക്കുവാൻ വഫ തയ്യാറെടുത്തു.

വഫയുടെ ലക്ഷ്യസ്ഥാനം മറ്റെവിടെയും ആയിരുന്നില്ല. തന്നെ സൗജന്യമായി ചികിത്സിച്ച സൊറോക്കോ ആശുപത്രിയിൽ നിരവധി പേർ ചികിത്സ തേടി വരുന്ന ഔട്ട് പേഷ്യന്റ് വിഭാഗമായിരുന്നു. തന്റെ ജീവൻ രക്ഷിച്ച, രണ്ടു മാസങ്ങൾക്കു മുമ്പ് തന്റെ കുടുംബം നന്ദി എഴുതി അറിയിച്ച അതേ ഡോക്ടർമാരും അതേ നേഴ്സുമാരും ആയിരുന്നു വഫയുടെ ലക്ഷ്യം. യാതൊരു കനിവും വഫയ്ക്ക് അവരോടു തോന്നിയില്ല. ചാവേറായി പൊട്ടിത്തെറിക്കുക, അങ്ങനെ നൂറു കണക്കിനു നിരപരാധികളെ കൊല്ലുക, സ്വർഗ്ഗത്തിൽ പ്രവേശിക്കുക. ഇതായിരുന്നു വഫയുടെ ലക്ഷ്യം.

എന്നാൽ വഫയുടെയും ഭീകരരുടെയും കണക്കുകൂട്ടലുകളെല്ലാം തെറ്റി. ലോകത്തിലെ തന്നെ ഏറ്റവും മികച്ച ഇന്റലിജൻസ് വിഭാഗമാണ് ഇസ്രായേലിനുള്ളത്. ചാവേറായ ഒരു സ്ത്രീ ഇസ്രായേലിനെ ലക്ഷ്യമാക്കി വരുന്നുണ്ടെന്ന് ഇസ്രായേൽ സെക്യൂരിറ്റി ഏജൻസിയായ ഷബക്ക് (Shabak), പട്ടാളക്കാർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു.

ഇസ്രായേൽപട്ടാളക്കാരുടെ നീട്ടിപ്പിടിച്ച നിറതോക്കുകൾക്കു മുന്നിൽ പെട്ടുപോയ വഫ താൻ പിടിക്കപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കി. ഉടൻതന്നെ അവിടെ വച്ച് പൊട്ടിത്തെറിക്കാൻ അവളാഗ്രഹിച്ചു. അങ്ങനെ ആ പട്ടാളക്കാരെയും കൊലപ്പെടുത്തി സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്നു അവൾ കരുതി. പക്ഷേ പൊള്ളലേറ്റതിനെത്തുടർന്ന് പൂർണ്ണ സ്വാധീനമില്ലാതിരുന്ന വലതുകൈ കൊണ്ട് ബോംബ് പൊട്ടിക്കാൻ നടത്തിയ ശ്രമം ദയനീയമായി പരാജയപ്പെടുകയും അവൾ പിടിക്കപ്പെടുകയും ചെയ്തു.

ഇസ്രായേൽ ടെലിവിഷൻ ചാനലായ ചാനൽ 10 ന് നൽകിയ അഭിമുഖത്തിൽ അവൾ പറഞ്ഞത് ഇപ്രകാരമാണ്: *ചെറുപ്പത്തിൽ എനിക്ക് ഒരു സ്വപ്നം ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ട്. അള്ളാഹുവിനു വേണ്ടി ഷഹീദ് (രക്തസാക്ഷി) ആകണം.* വഫയുടെ ഈ വാക്കുകൾ നാം ശ്രദ്ധിച്ചാൽ, അവളുടെ മനസ്സിലേക്ക് കുഞ്ഞുപ്രായത്തിൽ തന്നെ ഈ ആശയം കുത്തിവച്ചിരുന്നു എന്നു മനസ്സിലാക്കാം. വർഷങ്ങൾക്കു ശേഷം ഒരു അവസരം വന്നപ്പോൾ ആ ആശയം ഒന്നു പൊടി തട്ടിയെടുക്കേണ്ട ആവശ്യം മാത്രമേ ആ ഭീകരസംഘടയ്ക്ക് വേണ്ടിവന്നുള്ളൂ. സാമാന്യയുക്തിക്ക് ഒട്ടും നിരക്കാത്ത തരത്തിൽ, തന്റെ ജീവൻ രക്ഷിച്ചവരെത്തന്നെ കൊന്ന്, സ്വർഗ്ഗത്തിലേക്കുള്ള ഒരു ഗംഭീര പ്രവേശനം അവൾ സ്വപ്നം കണ്ടു!

കുഞ്ഞുങ്ങളുടെ മനസ്സിലേക്ക് പകർന്നു നൽകുന്ന ആശയങ്ങൾ ഒരു ഫിക്സഡ് ഡെപ്പോസിറ്റ് പോലെയാണ്. അത് അവരുടെ മനസ്സിൽ നഷ്ടപ്പെടാതെ പതിഞ്ഞുകിടക്കും. അവരുടെ സ്വഭാവരൂപീകരണത്തെ അത് വളരെയധികം സ്വാധീനിക്കുന്നു. കുഞ്ഞുങ്ങളുടെ മനസ്സിലേക്ക് നാം നന്മയും സ്നേഹവും കാരുണ്യവും സഹാനുഭൂതിയും പകർന്നുകൊടുത്താൽ ഒരു നല്ല മനുഷ്യനായി അവനെ/അവളെ വളർത്തിയെടുക്കാം. നേരെ മറിച്ച് തിന്മയും വെറുപ്പും വിദ്വേഷവും ആണ് നാം പകരുന്നതെങ്കിൽ സമൂഹത്തിനു തന്നെ ഭീഷണിയാകുന്ന തരത്തിൽ അധഃപതിച്ച വ്യക്തിത്വമുള്ളവരായി അവർ തീരുകയേയുള്ളൂ.

Ref: (1) Terrorist Suicide Bombings: Attack Interdiction, Mitigation and Response by Mordecai Dzikansky, Gil Kleiman and Robert Slater published by CRC press page no. 50, 51.(Available in Google Books)

(2) https://www.nbcnews.com/id/wbna8330374

# ഇമ്മാനുവിന്റെ സംശയങ്ങൾ 37

## എംവിഎസ്

## കരിനാവ്!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

ചില നേരങ്ങളിൽ അവൻ ചോദിക്കുന്ന സംശയങ്ങൾ കേട്ടാൽ അവന്റെ വായിൽ വല്ല പഴന്തുണിക്കെട്ട് തിരുകി ബാൻഡേജ് വച്ച് ഒട്ടിക്കാൻ തോന്നും.

എന്റെ മകൻ ഇമ്മാനുവിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്. നാലാം ക്ലാസ്സിൽ പഠിക്കുന്ന അവന് സംശയങ്ങൾ ഇത്തിരി കൂടുതലാണ്.

ഇന്നലെ അവൻ ചോദിച്ചത് കേൾക്കണോ? "വെള്ളനിറത്തിലും കറുപ്പുനിറത്തിലും ബ്രൗൺനിറത്തിലുമെല്ലാം പൂച്ചകളുണ്ട്. എന്തുകൊണ്ടാണ് നീലനിറത്തിലുള്ള പൂച്ചകൾ ഇല്ലാത്തത്? പച്ച നിറത്തിലുള്ള പശുക്കൾ ഇല്ലാത്തത് എന്തുകൊണ്ട്?"

അവന്റെ ചോദ്യങ്ങൾ കേൾക്കാത്ത പോലെ ഞാൻ ഇരുന്നു.

"പപ്പാ പറയ്, മറുപടി പറയ്.." അവൻ വിടാൻ ഭാവമില്ല.

അവന്റെ അമ്മ അവനെ ഗുണദോഷിച്ചു: "ഡാ, ഇമ്മാനു, നിയ്യ് പപ്പേടെ തൊട്ടടുത്ത് നിൽക്കണ്ട. കുറച്ചങ്ങട് മാറി നിൽക്ക്.."

അപകടം മണത്ത ഇമ്മാനു, "ഞാൻ പിന്നെ എന്റെ സംശയങ്ങൾ ആരോടാണ് ചെന്നു ചോദിക്കുന്നത്?" എന്നു പിറുപിറുത്ത് അവിടെനിന്നും മാറിപ്പോയി.

പുറത്ത് ഭയങ്കര ബഹളം! ഞാനും ഭാര്യയും ഓടിച്ചെന്നു നോക്കി. അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും നേർക്കുനേർ! രണ്ടു പേരും പാമ്പും കീരിയും പോലെ നിൽക്കുന്നു! നമ്മുടെ ഇമ്മാനു അവരെ ശാന്തരാക്കാൻ നോക്കുന്നുണ്ട്.

"അന്ത്രോസങ്കിൾ കാര്യമെന്താന്ന് പറയ്..." ഇമ്മാനു മധ്യസ്ഥത വഹിക്കാനുള്ള ഭാവമാണ്.

അന്ത്രോസ്ബ്രദർ പറഞ്ഞു: "ഈ ഇറ്റ്യാനത്തിന് കരിനാവാണ്"

"കരിനാവ് നിന്റെ അമ്മൂമ്മയ്ക്ക്..." ഇറ്റ്യാനംചേടത്തി ഇതും പറഞ്ഞ് നീട്ടി ഒരു തുപ്പും ഒരു ആട്ടും!

"വിശദീകരിച്ചു പറ, അന്ത്രോസങ്കിൾ... എന്താണ് കരിനാവ്?"

"നമ്മുടെ ജോണിക്കുട്ടീടെ മോൻ പുതിയ സൈക്കിൾ വാങ്ങി. അതു കണ്ട് ഇറ്റ്യാനം 'എത്ര നല്ല സൈക്കിൾ' എന്നു പറഞ്ഞു. അന്നു തന്നെ ആ സൈക്കിളിൽ പാണ്ടിലോറി കേറി അതു തകർന്നു. ആ പയ്യൻ കഷ്ടിച്ചു രക്ഷപ്പെട്ടു. കരിനാവാണ് ഈ ഇറ്റ്യാനത്തിന്..."

"പാണ്ടിലോറീടെ ഡ്രൈവറ് കുടിച്ചിട്ടുണ്ടായിരുന്നു. അതിന് ഞാനെന്തു പെഴച്ചു?" ഇറ്റ്യാനത്തിന്റെ വിശദീകരണം.

"അപ്പൊ, എന്റെ വെള്ള ട്രൗസറിന്റെ കാര്യമോ?" അന്ത്രോസ്ബ്രദർ കോപം കൊണ്ട് വിറയ്ക്കുകയായിരുന്നു.

"എന്റെ വെള്ള ട്രൗസറ് അയയിൽ ഉണക്കാനിട്ടിരിക്കയായിരുന്നു. ഈ കരിനാക്കി ഇറ്റ്യാനം അത് കണ്ട്, 'എന്താ അന്ത്രോസേ ട്രൗസറൊക്കെ നന്നായി തിളങ്ങുന്നുണ്ടല്ലോ' എന്നൊരു കമന്റ്... ഉടനെ ഒരു കാക്ക ആ വെള്ള ട്രൗസറിന്റെ മുകളിൽ വന്നിരുന്ന്, ഒരു കപ്പിൽ കോരി ഒഴിക്കുന്ന പോലെ കാഷ്ഠിച്ചു പോയി"

ഇമ്മാനു ഒരു നിമിഷം ആ രംഗം ഭാവനയിൽ കണ്ടുപോയി. അവനു ചിരിയടക്കാൻ കഴിഞ്ഞില്ല. എന്റെ ഭാര്യ ചിരിച്ചുകൊണ്ട് അകത്തേക്ക് പോയി.

ഇറ്റ്യാനംചേടത്തിയുടെ മറുപടി ഉടനെ വന്നു: "നിന്റെ അണ്ടർവെയറ് കണ്ടപ്പോ കാക്കയ്ക്ക് അതു കക്കൂസാണ് എന്നു തോന്നിയതിന് ഞാനെന്തു ചെയ്യാൻ?"

ഇമ്മാനു വായും പൊത്തിപ്പിടിച്ചു ചിരിച്ചു.

മൂപ്പൻ ആ പഴയ സ്കൂട്ടറിൽ അവിടേക്ക് വന്നതുകൊണ്ട് മാത്രം ഇറ്റ്യാനംചേടത്തി രക്ഷപ്പെട്ടു. വാസ്തവത്തിൽ അന്ത്രോസ്ബ്രദർ ഇറ്റ്യാനം ചേടത്തിയെ എറിയാൻ കല്ലെടുത്തതാണ്.

ഇമ്മാനു കാര്യങ്ങൾ മൂപ്പനോടു വിശദീകരിച്ചു. എന്നിട്ടൊരു സംശയം ചോദിച്ചു. "മൂപ്പനങ്കിൾ, എന്താണ് ഈ കരിനാവ്?"

എല്ലാവരും കാതു കൂർപ്പിച്ചു. ഇറ്റ്യാനംചേടത്തി ആകാംക്ഷയോടെ രണ്ടടി മുന്നോട്ടു നീങ്ങിനിന്നു.

"നാവിൽ ബാക്റ്റീരിയയുടെയോ ഫംഗസിന്റെയോ അംശം കൂടുമ്പോൾ നാവിന് കറുപ്പു നിറം വരാം. അതിനു ചികിത്സയുണ്ട്" മൂപ്പൻ പറഞ്ഞു.

"എന്നാൽ കറുത്തനാവുള്ളവർ ഒരിക്കലും ഒരു ശാപമല്ല"

"ചിലർ എന്തെങ്കിലും നല്ലത് പറഞ്ഞാൽ ഉടനെ അതിന്റെ വിപരീതം സംഭവിക്കും എന്നൊരു അന്ധവിശ്വാസം നമ്മുടെ നാട്ടിലുണ്ട്. അതാണ് കരിനാവ് എന്ന അന്ധവിശ്വാസം"

"തലയിൽ നന്നായി മുടിയുള്ള ഒരാളെ നോക്കി, ഹായ് എന്ത് നല്ല മുടി എന്നു ഇവർ പറഞ്ഞാൽ എന്തെങ്കിലും കാരണത്താൽ അവരുടെ മുടി നഷ്ടപ്പെടുമത്രേ! അങ്ങനെയെങ്കിൽ മുടിയില്ലാത്തവരെ നോക്കി മുടിയെല്ലാം കൊഴിഞ്ഞുപോയല്ലേ എന്നു ഇവർ പറഞ്ഞാൽ അവർക്ക് തലയിൽ മുടി തഴച്ചുവളരേണ്ടതല്ലേ? അതാണ് പറഞ്ഞത് ഇത് വെറും അന്ധവിശ്വാസമാണ്"

ഇറ്റ്യാനംചേടത്തി ഇത്രയും കേട്ടപ്പോൾ, "ഈ അന്ധവിശ്വാസിയായ അന്ത്രോസ് എന്നെ കരിനാക്കി എന്നു വിളിച്ചു" എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞുകൊണ്ട് വീട്ടിലേക്ക് ഓടിപ്പോയി. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th July 2022

Posted at
Thrissur RMS

**ആനുകാലികം**

## അപ്പനമ്മമാരെ നോക്കാത്ത മക്കൾക്ക്!

പല മക്കൾക്കും പ്രായമായ അപ്പനെയും അമ്മയെയും വേണ്ട; അവരുടെ സ്വത്ത് മാത്രം മതി. തേനേ, പാലേ, മാനേ, മയിലേ എന്നൊക്കെ പറഞ്ഞ് അപ്പന്റെ കയ്യിൽനിന്ന് ആ സ്ഥലം എഴുതിവാങ്ങും. അതോടെ കഴിഞ്ഞു. പിന്നെ തേനും പാലും പോയി; മാനും മയിലും പോയി. അപ്പൻ ചുമച്ചാൽ കുറ്റം, തുമ്മിയാൽ കുറ്റം. വേണ്ടി വന്നാൽ വൃദ്ധരായ മാതാപിതാക്കളെ ദേഹോപദ്രവം വരെ ഇവർ ചെയ്യും. തിരിച്ചു തല്ലാൻ പ്രാപ്തിയില്ലാത്തവരെന്നു കാണുമ്പോൾ മക്കളുടെയും മരുമക്കളുടെയും ആവേശം കൂടും. മൊബൈൽ കാമറ ഉള്ള കാരണം ഇത്തരം തെമ്മാടിത്തരങ്ങൾ ആരൊക്കെയോ വീഡിയോ പിടിച്ച് പുറംലോകം അറിയാറുമുണ്ട്.

2022 ജൂൺ 7 ലെ പത്രങ്ങൾ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്ത ഒരു വാർത്തയുടെ ചുരുക്കം ഇപ്രകാരമായിരുന്നു. മക്കൾക്കു കൈമാറുമ്പോൾ വ്യവസ്ഥ വച്ചില്ലെങ്കിലും സ്വത്ത് തിരിച്ചെടുക്കാം. മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കൾക്കായി ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ സർക്കാർ ആലോചിക്കുന്നു എന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. സ്വത്ത് തങ്ങളുടെ പേർക്ക് എഴുതിക്കിട്ടിയാൽ ഉടനെ നിറം മാറുന്ന മക്കൾക്ക് ലഭിക്കുന്ന ഒരു തിരിച്ചടിയാണ് ഇത്. അവർക്കു തിരിച്ചറിവ് ഉണ്ടായാൽ നന്ന്.

കൗതുകകരമായ ഒരു കാര്യം കൂടി പറയാം. ഈ വാർത്ത പ്രസിദ്ധീകരിച്ച അതേ ദിവസം പത്രങ്ങളിൽ കണ്ട രണ്ടു തലക്കെട്ടുകൾ ഇപ്രകാരമായിരുന്നു: 1) അമ്മയെ കെട്ടിയിട്ട് മർദ്ദിച്ചു; മകൾക്കെതിരെ കേസ്. 2) പിതാവിനെ നിലത്തിട്ട് ചവിട്ടിയ മകൻ അറസ്റ്റിൽ!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V